No.CEE/2900/2007/TA-I

കേരള സർക്കാർ
**പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയം,**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം–01

**പത്രക്കുറിപ്പ്**

# പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ക്യാൻസൽ ചെയ്യാൻ അവസരം

2008 ജൂലായ് 17 ന് പ്രസിദ്ധീകരിച്ച അലോട്ട്മെന്റ് പ്രകാരം വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച്, ഫീസടച്ച വിദ്യാർത്ഥികൾക്ക് അവർക്ക് ലഭിച്ച അലോട്ട്മെന്റ് ആവശ്യമെങ്കിൽ റദ്ദുചെയ്യാവുന്നതാണ്.

ഇതിനായി വിദ്യാർത്ഥികൾ cee-kerala.org എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ക്യാൻസലേഷൻ ഫോമിന്റെ മാതൃക ഡൗൺലോഡ് ചെയ്ത് പൂർണ്ണമായി പൂരിപ്പിച്ച്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി, ഫീസടച്ച രസീതിന്റെ പകർപ്പ് സഹിതം, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **16.08.2008 (ശനിയാഴ്ച)** 5 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകൾക്ക് അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കും ആവശ്യമെങ്കിൽ അവരുടെ പ്രവേശനം റദ്ദുചെയ്യാവുന്നതാണ്. പ്രവേശനം നേടിയ വിദ്യാർത്ഥികൾ നിശ്ചിത അപേക്ഷ പൂരിപ്പിച്ച്, പ്രവേശനം നേടിയ കോളേജിലെ പ്രിൻസിപ്പലിന്റെ ശുപാർശയോടുകൂടി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

ഇപ്രകാരം അലോട്ട്മെന്റ്/അഡ്മിഷൻ റദ്ദുചെയ്യുന്ന വിദ്യാർത്ഥിയുടെ ബന്ധപ്പെട്ട സ്ട്രീമിലെ എല്ലാ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദുചെയ്യപ്പെടുന്നതാണ്.

ഫാക്സ് മുഖാന്തിരം ലഭിക്കുന്ന അഡ്മിഷൻ/അലോട്ട്മെന്റ് റദ്ദു ചെയ്യുവാനുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം,
07.08.2008

**പ്രവേശനപരീക്ഷാ കമ്മീഷണർ**